File No.SJD/1861/2020-E1

Break chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/1861/2020-E1

തിരുവനന്തപുരം,
തീയതി. 03/09/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-ശ്രീ.ജോസഫ് റിബല്ലോ, സീനിയർ സൂപ്രണ്ടിന് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസറിൽ നിന്നും ലഭ്യമായ 24/8/2020 ലെ എ-1784/2020 നം കത്ത്

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരനായി ശ്രീ.ജോസഫ് റിബല്ലോ സേവനം അനുഷ്ഠിച്ച് വരുകയാണ്. കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.പി.പരമേശ്വരൻ സേവനത്തിൽ നിന്നും 30/11/2020 ൽ പെൻഷൻ പറ്റി വിരമിക്കുകയാണ്. ശ്രീ.പി.പരമേശ്വരൻ പെൻഷൻ പറ്റി വിരമിക്കുന്നതിനു മുന്നോടിയായി എൽ.പി.ആർ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായാണ് ശ്രീ.ജോസഫ് റിബല്ലോ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ജീവനക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ വകുപ്പ് വിഭജനത്തെ തുടർന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ പുന:ക്രമീകരിച്ചതിനെ തുടർന്നാണ് ജീവനക്കാരന് കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിൽ നിയമനം ലഭ്യമായിട്ടുള്ളത്. ജീവനക്കാരന്റെ സ്വന്തം ജില്ലയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം അനുവദിക്കണമെന്ന ജീവനക്കാരന്റെ അപേക്ഷ പരിഗണനാർഹമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.ജോസഫ് റിബല്ലോയ്ക്ക് കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കാസർഗോഡ് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയുടെ പൂർണ്ണ അധിക ചുമതല ഇതേ കാര്യാലയത്തിലെ ജൂനിയർസൂപ്രണ്ടായ ശ്രീ.അബ്ദുള്ള.യു അധികമായി നിർവഹിയ്ക്കേണ്ടതാണ്

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ല സാമൂഹ്യനീതി ഓഫീസർ കാസർഗോഡ്/കോഴിക്കോട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്